<u>ശ്രീ. എം. സ്വരാജ്</u>: സർ, ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് അവസരം ചോദിച്ചതിന് കാരണം, ഇന്നുരാവിലെ ചോദ്യോത്തരവേളയിൽ തേഞ്ഞിപ്പലം പഞ്ചായത്തിലെ പരാമർശിക്കപ്പെട്ട വ്യവസായി ശ്രീ. രമേഷ് കുമാർ ഈ പ്രസംഗം മനസ്സിലാക്കിയതിന് ശേഷം ഫോണിൽ വിളിക്കുകയും സഭയിൽ വിഷയം ഉന്നയിച്ചതിന് നന്ദി പറയുകയും അദ്ദേഹം അവിടെയുള്ള പഞ്ചായത്ത് ഭരണസമിതിയുടെ പ്രവർത്തനംകൊണ്ട് ശ്വാസംമുട്ടി നിൽക്കുകയാണെന്നും ഞാൻ ഉന്നയിച്ച വിഷയങ്ങൾ ശരിയാണ് എന്നുപറഞ്ഞുകൊണ്ട് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയുമാണ് ചെയ്തത്. മറിച്ചൊരു സ്ഥിതി ഈ സഭയുടെ മുമ്പാകെ വന്നത് ശരിയല്ല, വസ്തുത അങ്ങനെയല്ല എന്ന് വിശദീകരിക്കാനാണ് ഈ അവസരം ഞാൻ ഉപയോഗിക്കുന്നത്.